നമ്പർ : KITE/2026/1562 (9) തീയതി : 03.02.2026

## സർക്കുലർ

വിഷയം :- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2024-2027 ബാച്ചിലെ അംഗങ്ങൾ സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ/ പരിശീലനങ്ങൾ ക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.
2. കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർ, അക്കാഡമിക് കോർ ടീം അംഗങ്ങൾ എന്നിവരുടെ 26.01.2026 ലെ യോഗത്തിന്റെ മിനിറ്റ്സ്.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബുകളുടെ 2024-2027 ബാച്ചിലെ അംഗങ്ങളുടെ (2025-26 ലെ ഒൻപതാം ക്ലാസ്) സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾ, പൊതുജനങ്ങൾ, ഭിന്നശേഷി വിഭാഗത്തിലുള്ള കുട്ടികൾ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം 2026 ഫെബ്രുവരി മുതൽ ആരംഭിക്കുന്നതിന് സൂചന 2 ൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) അടിസ്ഥാനമാക്കിയുള്ള പരിശീലനം ഫെബ്രുവരി മുതൽ ക്രമീകരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കൈറ്റ് സ്റ്റേറ്റ് ഓഫീസിൽ നിന്ന് ലഭ്യമാക്കുന്ന പ്രത്യേക മൊഡ്യൂൾ അടിസ്ഥാനമാക്കിയുള്ള പരിശീലനം 2026 ഫെബ്രുവരി രണ്ടാംവാരം ആരംഭിക്കേണ്ടതാണ്.

2. സ്കൂളിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്തവിധത്തിൽ തെരഞ്ഞെടുത്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും (ലീഡേഴ്സ്) കൈറ്റ് മെന്റർമാർക്കും മൊഡ്യൂൾ പരിചയപ്പെടുത്തുന്ന പരിശീലനം ഉപജില്ലാ തലത്തിൽ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ക്രമീകരിക്കേണ്ട താണ്.

3. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള മൊബൈൽഫോൺ കൊണ്ടുവരുന്നതിന് നിർദേശം നൽകാവുന്നതാണ്.

4. യൂണിറ്റിലെ എല്ലാ അംഗങ്ങളും രക്ഷിതാക്കൾക്കുള്ള ഏതെങ്കിലും ബാച്ചിൽ പരിശീലനം നേടേണ്ടതും പരിശീലനം ലഭിച്ച അംഗങ്ങൾ തുടർന്ന് രക്ഷിതാക്കൾക്കുള്ള പരിശീലനത്തിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കേണ്ടതുമാണ്.

5. സ്വന്തം വിദ്യാലയത്തിലേതും തൊട്ടടുത്ത വിദ്യാലയങ്ങളിലേയും രക്ഷകർത്താക്കളെ പരിശീലനത്തിനായി ക്ഷണിക്കാവുന്നതാണ്.

6. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ എല്ലാ യൂണിറ്റുകളിലും ഈ പരിശീലനം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കോ-ഓർഡിനേറ്ററുമായി ആലോചിച്ച് സ്വീകരിക്കേണ്ടതും പരിശീലനം സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതുമാണ്.

7. കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ ജില്ലയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട ക്രമീകരണം ഒരുക്കേണ്ടതാണ്.

8. പരിശീലനം സംബന്ധിച്ച വിവരം അതത് ദിവസംതന്നെ ലിറ്റിൽകൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ കൈറ്റ് മെന്റർമാർ രേഖപ്പെടുത്തേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – (അറിവിലേയ്ക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ